# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9446561939**

**പി.ആർ.ഒ/35/216/2016** <u>**പത്രക്കുറിപ്പ്**</u> **2016 ഒക്ടോബർ 07**

## പി. ശേഖരൻ നായർ പുരസ്കാരം

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ മികച്ച സേവനം കാഴ്ചവെക്കുന്നവർക്ക് നൽകുന്ന പി. ശേഖരൻ നായർ പുരസ്കാരത്തിന് 2015 വർഷത്തിൽ സർവ്വകലാശാല ഭരണ വിഭാഗത്തിലെ സെക്ഷൻ ഓഫീസർ സനൽകുമാർ ടി. വി, ഫിനാൻസ് വിഭാഗം അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ രാജീവ് എ എന്നിവരെ തെരഞ്ഞെടുത്തു. ഒക്ടോബർ 13ന് സർവ്വകലാശാല അസംബ്ലി ഹാളിൽ പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പുരസ്കാരം സമ്മാനിക്കും. ചടങ്ങിൽ സിൻഡിക്കേറ്റംഗങ്ങൾ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.



മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ പി. ശേഖരൻ നായർ പുരസ്കാരത്തിന് അർഹരായ സനൽകുമാർ.ടി. വി, രാജീവ്.എ എന്നിവർ

## പരീക്ഷാ ഫലം

2016 മാർച്ച് മാസം നടത്തിയ നാലാം സെമസ്റ്റർ മോഡൽ ഒന്നും ര ും മൂന്നും ബി.എ (2013 അഡ്മിഷൻ റീ–അപ്പിയറൻസ്, 2013ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി – സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 27 വരെ സ്വീകരിക്കും.

2016 മാർച്ച് മാസം നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി മോഡൽ ഒന്നും ര ും മൂന്നും (2009 മുതൽ 2013 വരെ അഡ്മിഷൻ – റീഅപ്പിയറൻസ് മാത്രം – സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 27 വരെ സ്വീകരിക്കും.

2016 ഏപ്രിൽ മാസം നടത്തിയ നാലാം സെമസ്റ്റർ മോഡൽ ഒന്നും ര ും മൂന്നും ബി.കോം, ബി.ബി.എ, ബി.സി.എ, ബി.ബി.എം, ബി.എഫ്.ടി, ബി.എസ്.ഡബ്ല്യു, ബി.ടി.എസ് (റീഅപ്പിയറൻസ് – സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 27 വരെ സ്വീകരിക്കും.

2016 ഏപ്രിൽ മാസം നടത്തിയ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രി കോഴ്സിന്റെ ഒന്നാം സെമസ്റ്റർ (റഗുലർ ആന്റ് സപ്ലിമെന്ററി), ഏഴാം സെമസ്റ്റർ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 22 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി സുവോളജി (സി.എസ്.എസ്. – റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 25 വരെ സ്വീകരിക്കും.

## പരീക്ഷ പുനഃക്രമീകരിച്ചു

ഒക്ടോബർ 14, 17 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എസ്.സി സ്പേയ്സ് സയൻസ് ആന്റ് ടെക്നോളജി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 25, 27 തീയതികളിൽ നടത്തുന്നതിനായി പുനഃക്രമീകരിച്ചു. പരീക്ഷാ കേന്ദ്രത്തിനും സയമത്തിനും മാറ്റമില്ല.

## പ്രാക്ടിക്കൽ പരീക്ഷ

ര ാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (സി.എസ്.എസ് – റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ എറണാകുളം സെന്റ് ആൽബർട്സ് കോളജിൽ ഒക്ടോബർ 26ന് ആരംഭിക്കും.

## വൈവാ വോസി പരീക്ഷ

നാലാം സെമസ്റ്റർ എം.ബി.എ ഡിഗ്രി പരീക്ഷയുടെ വൈവാ വോസി ഒക്ടോബർ 24 മുതൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും

## നഴ്സിങ് പ്രാക്ടിക്കൽ/വൈവാ വോസി പരീക്ഷകൾ

നാലാം വർഷ ബി.എസ്.സി നഴ്സിങ് (പുതിയ സ്കീം – 2012 അഡ്മിഷൻ റഗുലർ/ 2008 മുതൽ 2011 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ – ഒബ്സ്റ്റെട്രിക്കൽ നഴ്സിങ് ഇൻക്ലൂഡിംഗ് ഗൈനക്കോളജിക്കൽ നഴ്സിങ് ആന്റ് കമ്യൂണിറ്റി ഹെൽത്ത് നഴ്സിങ് – പേപ്പറിന്റെ പ്രാക്ടിക്കൽ/വൈവാ വോസി പരീക്ഷകൾ ഒക്ടോബർ 17 മുതൽ 28 വരെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ് എജ്യൂക്കേഷന്റെ ഗാന്ധിനഗർ, പുതുപ്പള്ളി, പാലാ, പത്തനംതിട്ട, മണിലക്കുന്ന് എന്നീസെന്ററുകളിലും, കൊച്ചിയിലെ ഇന്ദിരാ ഗാന്ധി കോ–ഓപ്പറേറ്റീവ് കോളജ് ഓഫ് നഴ്സിങിലും വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)